## കാറ്റഗറി നമ്പർ : 502/2023

കേരള സർക്കാർ സർവീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വനിതാ ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **എക്സൈസ്** |
| 2. | **ഉദ്യോഗപ്പേര്** | : | **വനിതാ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)**<br>*(പുരുഷ ഉദ്യോഗാർത്ഥികളും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.)* |
| 3. | **ശമ്പളം** | : | **₹ 27,900 – 63,700/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **ജില്ലാതലം** |

തിരുവനന്തപുരം
കൊല്ലം
പത്തനംതിട്ട
ആലപ്പുഴ
കോട്ടയം
ഇടുക്കി
എറണാകുളം
തൃശ്ശൂർ
പാലക്കാട്
മലപ്പുറം
കോഴിക്കോട്
വയനാട്
കണ്ണൂർ
കാസർഗോഡ്

} **പ്രതീക്ഷിത ഒഴിവുകൾ**

**കുറിപ്പ്:**

(i) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ എന്നിവ 04.06.2008 ലെ G.O(P)No.113/08/TD (SRO No.587/2008), 10.11.2010 ലെ G.O(P)No.264/10/TD (SRO No.1025/10), 03.10.2015 ലെ G.O(P)No.178/2015/TD (SRO No.669/2015),21.10.2018 ലെ സ.ഉ. (സാധാ) നം.766/2018/നി.വ. എന്നിവ പ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(ii) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിലധികം ജില്ലകളിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന് ഒരു വർഷത്തിനു ശേഷം

റദ്ദാകുന്നതാണ്. *(15.04.2016* തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച *AV(2)2376/14/GW dated 04.04.2016* നമ്പർ വിജ്ഞാപനമനുസരിച്ച്.*)* ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന കാലയളവിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമനശിപാർശ നടത്തുന്നതാണ്.

(iv) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ *27.05.1971* – ലെ *GO(Ms)No.154/71/PD.* യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം *02.01.1961*–ലെ *GO(Ms)No.4/61/PD* യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) എൻ.സി.സി 'എ' 'ബി' 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം *2%, 3%, 5%* വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

(vi) വനിത സിവിൽ എക്സൈസ് ഓഫീസറായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ച് തുടർച്ചയായ *3* വർഷത്തിലെ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും.

(vii) അടിസ്ഥാന പരിശീലനം പൂർത്തിയാക്കാത്ത വനിത സിവിൽ എക്സൈസ് ഓഫീസർമാരെ ഏറ്റവും കുറഞ്ഞത് *6* മാസമെങ്കിലുമുള്ള *(*എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസ്മരണം കുറഞ്ഞത് *180* പ്രവൃത്തി ദിനമെങ്കിലും*)* അടിസ്ഥാന പരിശിലനം വിജയകരമായി പൂർത്തിയാക്കാതെ സ്ഥിരമായ തസ്തികയിലേയ്ക്ക് നിയമിക്കുന്നതല്ല. അടിസ്ഥാന പരിശീലന കാലത്തിൽ ഉദ്യോഗസ്ഥർക്ക് ഗവൺമെന്റ് സമയാസമയങ്ങളിൽ നിശ്ചിയിക്കുന്ന സ്റ്റൈപെന്റ് ലഭിക്കുന്നതാണ്. പരിശീലനകാലം പ്രബേഷനും വാർഷികവേതന വർദ്ധനവിനും പരിഗണിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതല്ല.

**5. നിയമനരീതി : നേരിട്ടുള്ള നിയമനം (ജില്ലാ തലം)**

**6. പ്രായപരിധി : 19–31 ,**

ഉദ്യോഗാർത്ഥികൾ **02.01.1992** നും **01.01.2004** നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**<u>കുറിപ്പ് :</u>**

**(I)** മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്കും ഉയർന്ന പ്രായപരിധിയിൽ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക **2(I)** പ്രകാരമുള്ള നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**(II)** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി **50 (അൻപത്)** വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് **II** – ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക **2**) നോക്കുക.

**7. യോഗ്യതകൾ :**

1. **<u>വിദ്യാഭ്യാസ യോഗ്യത:</u>**
   പ്ലസ് ടു അല്ലെങ്കിൽ തത്തുല്യപരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ് :**

i) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് *KS & SSR Part II Rule 10(a) (II)* ബാധകമാണ്.

ii) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പ്രമാണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുമ്പോഴോ ഹാജരാക്കേണ്ടതാണ്.

2. **ശാരീരിക യോഗ്യതകൾ :**

കുറഞ്ഞത് *152* സെ. മീ ഉയരം ഉണ്ടായിരിക്കണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് *150* സെ.മീ ഉയരം ഉണ്ടായിരിക്കണം.

3. **എൻഡ്യൂറൻസ് ടെസ്റ്റ് :**

എല്ലാ ഉദ്യോഗാർത്ഥികളും *15* മിനിറ്റിനുള്ളിൽ *2.5* കിലോമീറ്റർ ദൂരം ഓടി പൂർത്തിയാക്കേണ്ടുന്ന എൻഡ്യുറൻസ് ടെസ്റ്റ് വിജയകരമായി പൂർത്തിയാക്കണം.

4. **കായികക്ഷമതാ പരീക്ഷ:**

ഓരോ ഉദ്യോഗാർത്ഥിയും നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള *8 (എട്ട്)* ഇനങ്ങളിൽ ഏതെങ്കിലും *5 (അഞ്ച്)* എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | : | വൺ സ്റ്റാർ നിലവാരം |
|---|---|---|---|
| 1. | 100 മീറ്റർ ഓട്ടം | : | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | : | 1.06 മീറ്റർ |
| 3. | ലോംഗ് ജംപ് | : | 3.05 മീറ്റർ |
| 4. | പുട്ടിംഗ് ദ ഷോട്ട് (4. കി.ഗ്രാം) | : | 4.88 മീറ്റർ |
| 5. | 200 മീറ്റർ ഓട്ടം | : | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദി ത്രോ ബാൾ | : | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (4X25 മീറ്റർ) | : | 26 സെക്കന്റ് |
| 8. | സ്കിപ്പിംഗ് (ഒരു മിനിറ്റ്) | : | 80 പ്രാവശ്യം |

**കുറിപ്പ് :**

ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ/ എൻഡ്യുറൻസ് പരീക്ഷാ വേളയിൽ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷ/ എൻഡ്യൂറൻസ് ടെസ്റ്റിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

5. **കായികശേഷിയും കാഴ്ച ശക്തിയും:**

(i) ഔട്ട് ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും, ശാരീരിക യോഗ്യതയും, കഴിവും ഉണ്ടെന്നു കാണിക്കുന്ന അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റ് എന്നീ പദവിയിൽ

കുറയാത്ത ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | **കാഴ്ച** | **വലതുകണ്ണ്** | **ഇടതു കണ്ണ്** |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ് :**

(i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയൊ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് *(മുൻ പല്ല്)*, ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(iii) ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ/എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് ഗസറ്റ് വിജ്ഞാപനത്തിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് പ്രൊഫൈലിൽ *Upload* ചെയ്യേണ്ടതുമാണ്. മാതൃക ഇതോടൊപ്പം ചേർക്കുന്നു

**FORM OF MEDICAL CERTIFICATE**

I have this day medically examined Smt.............................................................. (Name & address) and found that she has no disease or infirmity, which would render her unsuitable for Government Service.

Her age according to her own statement is .................................... and by appearance is ............................. and her standards of vision is as follows.

**Standards of Vision**

(without glasses)

| | | **Right Eye** | **Left Eye** |
|---|---|---|---|
| 1. | Distant Vision | ............Snellen | ........... Snellen |
| 2. | Near Vision | ............Snellen | .......... Snellen |

3. Field of Vision .....................

   (Specify whether field of vision is full or not. Entries such as Normal, Average, Good etc. are inappropriate here)

4. Colour Blindness ................................

5. Squint ................................

6. Any morbid condition of the eyes or lids of either eye ..............................

She is Physically fit for the post of Women Civil Excise Officer in the Excise Department.

I certify to the best of my knowledge and belief that the applicant Smt. ……………… …………………. (Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: *Signature*

Date : *Name and Designation of the Medical Officer*

*(Office Seal)*

**കുറിപ്പ്:**

കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, ഗുഡ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2013-ന് ശേഷം എടുത്തതായിരിക്കണം.എന്നാൽ 01.01.2023 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം

നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(സി) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **03.01.2024** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

**10.** അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് വിലാസം : .www.keralapsc.gov.in

11. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:

(എ) ഉദ്യോഗാർത്ഥി എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ജാതി / സമുദായം അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം റവന്യൂ അധികാരി നൽകുന്ന നോൺക്രീമിലെയർ / ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) ഉദ്യോഗാർത്ഥി ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(സി) "വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ,

ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്".

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കേണ്ട പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ